കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കാവിലുംപാറ ഗ്രാമപഞ്ചായത്ത്- "കോളിത്തെറ്റ് കുടിവെള്ള പദ്ധതി" എന്ന പ്രവൃത്തിയുടെ പദ്ധതി അടങ്കൽ (പ്രോ.നം.100/18) 4,99,000/- രൂപയായി വർദ്ധിപ്പിക്കാൻ അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.833/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 27.03.2018

വായന :- 1. കാവിലുംപാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 12.12.2017-ലെ A2-366/17-ാം നമ്പർ കത്തും 27.10.2017-ലെ 4/4(5)-ാം നമ്പർ ഭരണസമിതി തീരുമാനവും.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05.03.2018-ലെ തീരുമാനം നം. 4.71

ഉത്തരവ്

2016-17-ൽ KLGSDP ഫണ്ട് വകയിരുത്തി "കോളിത്തെറ്റ് കുടിവെള്ള പദ്ധതി" എന്ന പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നുവെന്നും (പ്രോ.നം.141/17 - അടങ്കൽ 4,99,000/- രൂപ.) 30.03.2017-ൽ ഈ പ്രവൃത്തിക്ക് 2,80,601/- രൂപയുടെ പാർട്ട് ബില്ലിന് അലോട്ട്മെന്റ് തയ്യാറാക്കി ചെലവ് സാംഖ്യയിൽ രേഖപ്പെടുത്തിയെന്നും എന്നാൽ ബിൽ ട്രഷറിയിൽ നൽകിയില്ലെന്നും 2017-18 പദ്ധതിയിൽ പാർട്ട് ബിൽ കുറച്ച് ബാക്കി തുകയായ 2,18,399/- രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും എന്നാൽ മുഴുവൻ തുകയും നൽകേണ്ടതുണ്ടെന്നും അതിനാൽ ഈ വർഷം ഈ പ്രവൃത്തിയുടെ പദ്ധതി അടങ്കൽ (പ്രോ.നം.100/18) 4,99,000/- രൂപയായി വർദ്ധിപ്പിക്കാൻ അനുമതി നൽകണമെന്ന് മുകളിൽ ഒന്നാമതായി വായിച്ച കത്ത് പ്രകാരം കാവിലുംപാറ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അഭ്യർത്ഥിച്ചിരുന്നു.

2) 05.03.18 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇക്കാര്യം പരിശോധിച്ചു. ടി യോഗത്തിന്റെ 4.71 നമ്പർ തീരുമാനപ്രകാരം "കോളിത്തെറ്റ് കുടിവെള്ള പദ്ധതി" പ്രവൃത്തിയുടെ പദ്ധതി അടങ്കൽ (പ്രോ.നം.100/18) 4,99,000/- രൂപയായി വർദ്ധിപ്പിക്കാൻ കാവിലുംപാറ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
പ്രസിഡണ്ട്, കാവിലുംപാറ ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ/റൂറൽ)യുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ